## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.30. 08.02.2016 ൽ മറുപടിയ്ക്ക്.

## മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം

| ചോദ്യം<br>ശ്രീ. ആർ . സെൽവരാജ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എം.പി.വിൻസെൻറ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) | 1 മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.<br>2 ദേശീയപാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളി ലെയും വാഹന പരിശോധന കൾക്ക് പ്രത്യേക ഊന്നൽ നൽകുക.<br>3 വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.<br>4 ജി ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുക. |

| | | | |
|---|---|---|---|
| | | | 5 പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക. |
| (സി) | ഇതു നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (സി) | എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും അതിന് കീഴിൽ 39 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. മേഖലാതലത്തിൽ നാല് ആർ.ടി.ഒ. മാർക്കാണ് ഇതിന്റെ ചുമതല. സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ് ) ആണ് ഏകോപിപ്പിക്കുന്നത്. ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും 2 അസിസ്റ്റന്റ് മോട്ടോർവെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ഓരോ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ആണ് ഉള്ളത്. ഗതാഗത കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1 ഉം 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാരുടെ കീഴിൽ 4 ഉം നാഷണലൈസ്ഡ് സെക്ടർ ആർ.ടി.ഒ. ഒഴികെയുള്ള 17 ആർ.ടി.ഒ.മാരുടെ കീഴിൽ 34 ഉം സ്ക്വാഡുകൾ ആണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ.